# കേരള കാർഷിക സർവ്വകലാശാല
## കുരുമുളക് ഗവേഷണ കേന്ദ്രം , പന്നിയൂർ
കാഞ്ഞിരങ്ങാട് പി.ഒ, തളിപ്പറമ്പ, കണ്ണൂർ-670142
Ph. No.04602227287, Email.prspanniyur@kau.in


**നമ്പർ:പി3-1297/2025** **തീയ്യതി: 19.07.2025**

### ദർഘാസ് പരസ്യം

പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിലേയ്ക്ക് ഉണങ്ങിയ ചാണകം കരാർ പ്രകാരം എത്തിച്ചുതരുവാൻ മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | ഇനം | അളവ് |
|---|---|---|
| 1 | ഉണങ്ങിയ ചാണകം | 2000 CFT |

താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ഉണങ്ങിയ ചാണകം സപ്ലൈ ചെയ്യുന്നതിനുള്ള നിരക്ക് ഒരു ലോഡിന് (100 ക്യൂബിക് ഫീറ്റിന്) എത്ര രൂപ എന്ന് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസുകൾ ടെൻഡർ ഫീസ്, നിരതദ്രവ്യം എന്നിവയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ രശീത്, സമ്മതപത്രം എന്നിവ സഹിതം കവറിൽ അടക്കം ചെയ്ത് പ്രൊഫസർ ആന്റ് ഹെഡ് കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ, കാഞ്ഞിരങ്ങാട് പി.ഒ - 670142 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. നികുതിയും മറ്റ് ചാർജ്ജുകളും ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ചരക്കുകൂലിയും കടത്തുകൂലിയും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്ന **അവസാന തീയ്യതി 29.07.2025** ഉച്ചയ്ക്ക് ശേഷം **2:00 മണി** വരെയാണ്. അന്നു തന്നെ **2:30** മണിക്ക് ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. വിജയിയായ കരാറുകാരൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ചാണകം ഈ കേന്ദ്രത്തിലെ ഫാമിൽ എത്തിക്കേണ്ടതാണ്.

കരാർ നൽകുന്നതു മുതൽ ഒരു വർഷത്തേക്ക് കരാറിന് പ്രാബല്യമുണ്ടാകുന്നതായിരിക്കും. ഇൻവോയ്സ് അസിസ്റ്റന്റ് പ്രൊഫസർ ആന്റ് ഹെഡ് കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ, കാഞ്ഞിരങ്ങാട് പി.ഒ - 670142 എന്ന വിലാസത്തിൽ അയക്കണം. **തൃപ്തികരമായ സപ്ലൈക്കുശേഷം സമർപ്പിക്കുന്ന ഇൻവോയ്സിന്റെ തുക ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തിരം അനുവദിക്കുന്നതായിരിക്കും. ഇൻവോയ്സിന്റെ ഒപ്പം വേ ബ്രിഡ്ജ് റസീപ്റ്റ് (Weigh Bridge Receipt)കൂടി സമർപ്പിക്കേണ്ടതാണ്.**

വിശദവിവരങ്ങൾക്ക് ഓഫീസ് സമയത്ത് (ഫോൺ നമ്പർ: 0460 2227287 എന്ന നമ്പറിൽ) അന്വേഷിക്കാവുന്നതാണ്. ടെൻഡർ വിശദാംശങ്ങൾ, ടെൻഡർ ഫോം, കരാറുകളുടെ മാതൃക തുടങ്ങിയവ KAU വെബ്സൈറ്റായ www.kau.edu/tenders -ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ടെൻഡർ ഫീസ്: രേഖപ്പെടുത്തിയ മൊത്തം തുകയുടെ 0.2% 100-ന്റെ അടുത്ത ഗുണിതത്തിലേക്ക് റൗണ്ട് ചെയ്തത് (കുറഞ്ഞത് : 400/- രൂപ, കൂടിയത്: 1,500/- രൂപ )+ ജി.എസ്.ടി 18 %

നിരതദ്രവ്യം: 1,800/- രൂപ

**ടെൻഡർ നൽകേണ്ട അവസാന തീയതിയും സമയവും** : **29.07.2025 2 pm**

**ടെൻഡർ തുറക്കുന്ന തീയതിയും സമയവും** : **29.07.2025 2:30 pm**

**ഉപാധികളും നിബന്ധനകളും**

1. www.kau.edu/tenders എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമുകളിൽ ടെൻഡർ സമർപ്പിക്കണം. ആയതിനുള്ള ടെൻഡർ ഫീസ് ഒരു കാരണവശാലും തിരികെ നൽകില്ല.
2. ടെൻഡർ അടങ്ങുന്ന സീൽ ചെയ്ത കവറിനു മുകളിൽ **"ഉണങ്ങിയ ചാണകം സപ്ലൈ ചെയ്യുന്നതിനുള്ള ടെൻഡർ"** (അറിയിപ്പ് നമ്പർ സഹിതം) എന്ന് എഴുതി അസിസ്റ്റന്റ് പ്രൊഫസർ ആന്റ് ഹെഡ് കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ, കാഞ്ഞിരങ്ങാട് പി.ഒ – 670142 എന്ന വിലാസത്തിൽ അയക്കണം.
3. ടെൻഡറിനൊപ്പം ടെൻഡർ ഫീസ്, നിരതദ്രവ്യം എന്നിവയ്ക്കുള്ള തുക പ്രൊഫസർ ആന്റ് ഹെഡ് കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ എന്ന പേരിൽ പൂവ്വം ശാഖയിൽ മാറാവുന്ന 2 വ്യത്യസ്ത ഡിമാന്റ് ഡ്രാഫ്റ്റുകളായി കവറിൽ അടക്കം ചെയ്യേണ്ടതാണ്. വൈകിയതും അപൂർണ്ണവുമായ ടെൻഡറുകളും, ഇഎംഡിയും ടെൻഡർ ഫീസും സമ്മതപത്രവും ഇല്ലാത്ത ടെൻഡറുകളും സ്വീകരിക്കുന്നതല്ല.
4. ടെൻഡറിനൊപ്പം 200 രൂപ (ഇരുനൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

5. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി നൽകേണ്ടതാണ്. കൂടാതെ രേഖപ്പെടുത്തിയ മൊത്തം തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി (ടേം ഡെപ്പോസിറ്റ്/ ബാങ്ക് ഗ്യാരണ്ടി/ ഡിമാൻഡ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്. കരാറിന്റെ മാതൃക മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.
6. ടെൻഡർ തുറക്കുന്ന തീയതിയിൽ എന്തെങ്കിലും ബന്ദ്/ പണിമുടക്ക്/ അപ്രതീക്ഷിത അവധി ദിവസങ്ങൾ ഉണ്ടായാൽ, അടുത്ത പ്രവൃത്തി ദിവസം അതേ സമയം ടെൻഡർ തുറക്കും. ടെൻഡറുകൾ സ്വീകരിക്കുന്നതിൽ അസിസ്റ്റന്റ് പ്രൊഫസർ ആന്റ് ഹെഡിന്റെ തീരുമാനം അന്തിമമായിരിക്കും.
7. സപ്ലൈയിൽ വീഴ്ച വരുത്തിയ വിതരണക്കാരുടെ പേര് വിതരണക്കാരുടെ പട്ടികയിൽ നിന്ന് സ്ഥിരമായോ ഒരു നിശ്ചിത കാലയളവിലേക്കോ നീക്കം ചെയ്യാനുള്ള അവകാശം അസിസ്റ്റന്റ് പ്രൊഫസർ ആന്റ് ഹെഡിൽ നിക്ഷിപ്തമാണ്.
8. ടെൻഡർ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം അസിസ്റ്റന്റ് പ്രൊഫസർ ആന്റ് ഹെഡിനായിരിക്കും.
9. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

ഒപ്പ്/-
ഡോ. വിക്രം. എച്ച്.സി.,
അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്.

ഉള്ളടക്കം – മേൽ പറഞ്ഞത്.

സ്വീകർത്താവ് :-

1. നോട്ടീസ് ബോർഡ് (പി.ആർ.എസ്, പന്നിയൂർ, & കെ.വി.കെ, കണ്ണൂർ)
2. കെ.എ.യു വെബ്സൈറ്റ്.
3. പി.ആർ.എസ് വെബ്സൈറ്റ്.
4. വില്ലേജ് ഓഫീസ് (പന്നിയൂർ)
5. മുനിസിപ്പൽ ഓഫീസ് (തളിപ്പറമ്പ്)
6. ജില്ലാ കൃഷിത്തോട്ടം (കരിമ്പം)
7. ഗ്രാമപഞ്ചായത്ത് ഓഫീസ് (കുറുമാത്തൂർ)
8. താലൂക്ക് ഓഫീസ് (തളിപ്പറമ്പ്)

പകർപ്പ്:- ഡോ. സഞ്ജു ബാലൻ, അസിസ്റ്റന്റ് പ്രൊഫസർ (ഫാം ഇൻചാർജ്)

//അംഗീകാരത്തോടെ അയയ്ക്കുന്നത്//

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

KERALA AGRICULTURAL UNIVERSITY
PANNIYUR - 670 142
Date..............
PEPPER RESEARCH STATION